## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.127 | 14/06/2013 - ൽ മറുപടിയ്ക്ക്

# കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ഹംസ<br>,, എളമരം കരീം<br>,, സി. കൃഷ്ണൻ<br>,, വി. ചെന്താമരാക്ഷൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കാൻ നാഫെഡിനും കേരഫെഡിനും കഴിയാത്തതിനാൽ നാളികേര കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | നാളികേരത്തിന് ഏറ്റവും കൂടുതൽ വിളവ് ലഭിക്കുന്ന ഫെബ്രുവരി മുതൽ മേയ് വരെയുള്ള കാലയളവിൽ, കൊപ്ര സംഭരണം കാര്യക്ഷമമാക്കാനും കർഷകർക്ക് താങ്ങുവില ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ ; | (ബി) | നാളികേരകർഷകർക്ക് കൃഷിഭവനുകളിലൂടെ പച്ചനാളികേര സംഭരണ പദ്ധതി ഊർജിതമായി നടപ്പിലാക്കി വരുന്നു. |
| (സി) | 2013 ഫെബ്രുവരി മുതൽ ഇതുവരെ കേരഫെഡും നാഫെഡും എത്ര രൂപ നിരക്കിൽ കൊപ്ര സംഭരിച്ചു? | (സി) | കേന്ദ്ര സർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപ നിരക്കിലും നടപ്പിലാക്കി വന്ന കൊപ്രസംഭരണം, ഫെബ്രുവരി മാസം |

മദ്ധ്യത്തോടെ നാഫെഡ് നിർത്തി വയ്ക്കുകയുണ്ടായി. ഈ കാലയളവിൽ (2013 ഫെബ്രുവരി മുതൽ ഇതിനകം) 168 ക്വിന്റൽ മില്ലിംഗ് കൊപ്ര കേരഫെഡ് മുഖാന്തിരം സംഘങ്ങൾ സംഭരിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാർ 2013 സീസണിലേക്ക് താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5250/- രൂപ നിരക്കിലും ഉണ്ടക്കൊപ്രയ്ക്ക് ക്വിന്റലിന് 5500/- രൂപ നിരക്കിലും സംഭരണം നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് നം. 132/2013/കൃഷി തീയതി 18/4/2013 പ്രകാരം ഉത്തരവായിക്കൊണ്ട് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായി കേരഫെഡിനേയും മാർക്കറ്റ്ഫെഡിനേയും തെരഞ്ഞെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ